# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5477** **02-11-2016-ൽ മറുപടിയ്ക്ക്**

## കാരുണ്യ ചികിത്സാ പദ്ധതി

| | ചോദ്യം<br><br>ശ്രീ. ഡി.കെ. മുരളി | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ചികിത്സാ പദ്ധതി വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) യും (ബി) യും | നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീ ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സ തേടുന്നവർക്കാണ് ആദ്യഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നത്. തുടർന്ന് വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി എം.ഒ.യു. ഒപ്പുവച്ചിട്ടുള്ളതുമായ 75 സർക്കാരിതര ആശുപത്രികളിലും 29 സ്വകാര്യ ഡയാലിസിസ് സെന്ററുകളിലും ചികിത്സാ സൗകര്യം ലഭ്യമാണ്. ഇത് കൂടാതെ, 27 താലൂക്ക്തല സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സയ്ക്ക് സൗകര്യം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിലും (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്), താമരശ്ശേരി താലൂക്ക് ആശുപത്രിയിലും 10 ഡയാലിസിസ് മിഷ്യൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയവദാതാവിന് തുടർ ചികിത്സയ്ക്കായി ഈ പദ്ധതിയിൽനിന്നും 1 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയിൽ നിന്നും നൽകുന്ന പരമാവധി ധനസഹായം 2 ലക്ഷം രൂപയാണ്. ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ പരിധിയില്ലാതെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ഭാരിച്ച ചികിത്സാ ചെലവ് കണക്കിലെടുത്ത് ഓരോ രോഗിയ്ക്കും ചികിത്സാ ധനസഹായം പരിധിയില്ലാതെ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വിപുലീകരണത്തിലൂടെ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ആലോചിക്കുന്നത്; | | |

| | | | |
|---|---|---|---|
| | | | കാരുണ്യ ചികിത്സാ പദ്ധതിയിൽ നിലവിലുള്ള രോഗങ്ങൾക്കു പുറമേ ലിക്കോഡിസ് ട്രോക്കെ സ്ട്രോക്ക്, സ്പൈനൽ കോഡ് ഇൻജുറി, മസ്കുലാർ ഡിസ്ട്രോഫി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് കിടപ്പിലായ തുടർ ചികിത്സ ആവശ്യമായ രോഗികൾക്ക് ചികിത്സയ്ക്കായി ആയുർവ്വേദ പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് അതാതു ജില്ലാകളക്ടർമാരുടെ അക്കൗണ്ട് വഴി ചികിത്സാ ധനസഹായം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. കർണാടകത്തിലെ ഇൻഡ്യാന ആശുപത്രി, ഫാദർമുള്ളേഴ്സ് ആശുപത്രി, യേനപ്പോയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, മണിപ്പാൽ കസ്തുർബാ മെഡിക്കൽ കോളേജ്, മംഗലാപുരത്തുള്ള അനുബന്ധ കെ.എം.സി ഹോസ്പിറ്റലുകൾ എന്നിവയെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | തികച്ചും ലാഭേച്ഛയോട്ടുകൂടി മാത്രം പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സ്വകാര്യ ആശുപത്രികളെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കാൻ തയ്യാറാകുമോ? | (ഡി) | സ്വകാര്യ ആശുപത്രികളെ ഈ പദ്ധതിയിൽനിന്ന് ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

(signature)

സെക്ഷൻ ഓഫീസർ.